# ദൈവവും മനുഷ്യ കഷ്ടതയും

## ഫ്രാങ്ക് പാക്ക്

ബൈബിളിലെ ദൈവത്തിൽ വിശ്വസിക്കുന്നവരുടെ ഏറ്റവും വലിയ പ്രശ്നമാണ് മനുഷ്യരുടെ കഷ്ടതകൾ മനസ്സിലാക്കുക എന്നത്. പരിമിതിയില്ലാത്തവനും, നന്മയും, സ്നേഹവാനും, അതിലുപരി സർവ്വശക്തനും ആയ ദൈവത്തിനു എങ്ങനെ – ലോകത്തിൽ തന്റെ സൃഷ്ടികളിൽ ഇത്രയും കഷ്ടത – അനുവദിക്കാൻ കഴിയും? ദൈവം വാസ്തവത്തിൽ കരുതുന്നുണ്ടോ? ഭയങ്കരയുദ്ധത്തെ അവൻ എന്തിനു അനുവദിക്കുന്നു? എന്തിനു നിരപരാധികൾ ഇത്രമാത്രം കഷ്ടപ്പെടണം? എന്തുകൊണ്ട് രോഗം ഇത്ര വേദനയുണ്ടാക്കുന്നു? എന്തുകൊണ്ടു ശിശുക്കൾ അംഗവൈകല്യത്തോടെയോ മന്ദബുദ്ധികളായോ ജനിക്കുന്നു? ഇതുപോലെ പല ചോദ്യങ്ങളും പലപ്പോഴായി ചോദിക്കപ്പെട്ടിട്ടുണ്ട് – ക്രിസ്തുവിന്റെ സഭക്കു പുറത്തു നിന്നു മാത്രമല്ല ചോദിച്ചിട്ടുള്ളതു, സഭയ്ക്കകത്തു നിന്നും ചോദിച്ചിട്ടുണ്ട്. ഈ കഷ്ടത എന്ന പ്രശ്നം ചില ക്രിസ്ത്യാനികളുടെ വിശ്വാസം തകർന്നു പോകുവാനിടയായിട്ടുണ്ട്. ഈ പ്രശ്നത്തിനു മതിയായ പരിഹാരം കണ്ടെത്തുവാൻ കഴിയില്ലെങ്കിലും, ഈ പഠനം മറ്റുള്ളവരുടെ പോരാട്ടം ലഘൂകരിക്കുവാനും, കൂടുതൽ നല്ല വഴിയിൽ കഷ്ടത നമുക്കു മനസ്സിലാക്കുവാനും കഴിഞ്ഞേക്കാം.

കഷ്ടത ശരീര വേദന മാത്രമല്ല, ഉണ്ടാക്കുന്നതു, നിരാശയും, മാനസിക തളർച്ചയും, മനുഷ്യ ഹൃദയങ്ങളിൽ നിരുത്സാഹവും കുഴപ്പവും ഉണ്ടാക്കും. ഈ പോരാട്ടങ്ങൾ പെട്ടെന്നു നമ്മെ നിഷ്ക്രിയരാക്കുകയും, ചിലപ്പോൾ അവ നമ്മുടെ ആത്മാക്കളെത്തന്നെ പിടികൂടുകയും ചെയ്യും.

ക്രിസ്ത്യാനി ആയതുകൊണ്ടു പ്രശ്നങ്ങൾ പരിഹരിക്കുക എളുപ്പമല്ല, കൂടുതൽ പ്രയാസമാണുണ്ടാവുക. ദൈവത്തിൽ വിശ്വസിക്കാത്ത ഒരാൾക്കു കഷ്ടതയും ദു:ഖവും വിവരിക്കുവാൻ പ്രയാസമില്ല. പ്രപഞ്ചത്തിനു യാതൊരു അർത്ഥവുമില്ലാതെ, ഒരു നിർജീവയന്ത്രമാണെങ്കിൽ, മനുഷ്യരെക്കുറിച്ചു എന്തെങ്കിലും കരുതൽ ഉണ്ടാകുമോ? അത്തരം ലോകത്തിനു മനുഷ്യന്റെ കഷ്ടതയെക്കുറിച്ചു “കരുതൽ” ഇല്ല, കാരണം അതിനു അർത്ഥമില്ലാത്ത ലോകത്തിൽ “കരുതുവാനു”ള്ള കഴിവില്ല. അപ്പോൾ ദു:ഖകരമായ വിപത്തു സംഭ

വിക്കുന്നതിനെക്കുറിച്ചു ചിന്തിക്കേണ്ട ആവശ്യമില്ല. വീണ്ടെടുക്കുന്ന, സ്വയം - നല്കുന്ന, സ്നേഹിക്കുന്ന, മനുഷ്യർക്കുവേണ്ടി പരിധി യില്ലാതെ കരുതുന്ന - വ്യക്തിയായ ദൈവത്തിൽ ഒരാൾ വിശ്വസി ക്കുന്നു എന്ന വസ്തുത - പ്രശ്നത്തിന്റെ സങ്കീർണ്ണത വർദ്ധിപ്പിക്കുന്നു. ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്ന നിരീശ്വരന്മാരും പ്രശ്നങ്ങളിൽ നിന്നു ഒഴിഞ്ഞു മാറുന്നില്ല. ലോകത്തിലെ പ്രശ്ന ങ്ങൾക്കോ, കഷ്ടതക്കോ അവൻ ലോകത്തോടു മറുപടി കോടുക്കേണ്ട. അവൻ നേരിടുന്ന പ്രശ്നങ്ങളെ നേരിടുന്നതു മറ്റുള്ളവർക്കു വേണ്ടി ജീവിതം ഉഴിഞ്ഞു വെക്കുന്നതും, സ്വാർത്ഥതയില്ലാതെ ജീവിക്കയും നായകത്വം ഏറ്റെടുക്കുന്നതും ആവശ്യമായി പറയുന്നു. എന്നാൽ തങ്ങളുടെ വിശ്വാസനീതിക്കു വേണ്ടി മരിക്കുന്നവരുടെ മാഹാത്മ്യത്തെ അവർ എങ്ങനെ വിശദമാക്കും? ഇങ്ങനെയുള്ളവരെ ലോകം എന്തായിട്ടു കണക്കാക്കുന്നു, അവരെ വലിയ ചരിത്രകാരന്മാരെന്നോ വീരനായകന്മാർ എന്നോ പറഞ്ഞേക്കാം, അതെല്ലാം യാദൃശ്ചികമായി സംഭവിച്ചു എന്നവർ പറയുമോ? അതുകൊണ്ടു ലോകത്തിലെ കാരണങ്ങൾ കണ്ടെത്തുന്നതെല്ലാം വിഡ്ഢിത്വമാണ്. എന്നാൽ അവിശ്വാസി ഒരു പ്രശ്നത്തിൽ നിന്നു ഒളിച്ചോടുമ്പോൾ അവൻ പ്രയാസമുള്ള മറ്റൊന്നു കണ്ടുമുട്ടുന്നു!

## ചില തെറ്റായ "പരിഹാരങ്ങൾ"

കഷ്ടത എന്ന പ്രശ്നത്തിനു നിരത്താറുള്ള ചില തെറ്റായ "പരിഹാരങ്ങൾ" എന്തൊക്കെയാണ്?

### "കഷ്ടത മായയാണ്"

എല്ലാ കഷ്ടതയും മായയാണ് എന്നത്രേ പ്രസിദ്ധ തത്വചിന്തകയും തികഞ്ഞ ചിന്തകയുമായ മേരി ബേക്കർ എഡ്ഡി' പ്രശ്നപരിഹാരമായി പറഞ്ഞിട്ടുള്ളത്. അവർ പറയുന്നതനുസരിച്ചു കഷ്ടതയും ദു:ഖവും നമ്മുടെ മനസ്സിന്റെ പ്രതിഭാസമാണ്, മനസ്സിനു പുറത്തു അവയില്ല എന്നാണ്. എല്ലാ തിന്മാനുഭവവും വിഷയമാണെങ്കിൽ, പിന്നെ വീക്ഷിക്കുന്നയാളുടെ മനസ്സിലുണ്ടാകുന്നതു മാത്രവും, അതു യഥാർത്ഥമായി ഉള്ള വിഷയവുമല്ല. അങ്ങനെ തെറ്റായ ചിന്തയും കഷ്ടതയും ഒന്നു തന്നെയാണ്. ഒരാൾ തന്റെ ചിന്തയിലെ കഷ്ടത യെക്കുറിച്ചുള്ള തെറ്റായ ചിന്ത ഉപേക്ഷിക്കുമ്പോൾ കഷ്ടതയും അപ്രത്യക്ഷമാകുന്നു.

ലോകത്തിലെ എല്ലാ വിപത്തും വെറും സാങ്കല്പികമാണെന്നു ചിന്തിക്കുന്നതു വിഡ്ഢിത്തമാണ്. അതങ്ങനെയാണെങ്കിൽ, എല്ലായ്പ്പോഴും ഊഹിക്കുന്നതും തെറ്റായി ചിന്തിക്കുന്നതുമായ മനസ്സുകൾ ആയിരിക്കുമല്ലൊ ലോകത്തിൽ ഉള്ളത്, അതു തന്നെ അപ്പോൾ തിന്മയായിത്തീരുന്നു. എന്തുകൊണ്ടാണ് മനസ്സു അങ്ങനെ ഒന്ന് ഇല്ലെങ്കിൽ മനസ്സ് തിന്മ ചിന്തിക്കുന്നത് എങ്ങനെ? ഒരാളുടെ കണ്ണിന്റെ കാഴ്ച്ച അപകടത്തിൽ, ''നഷ്ടമായതു വാസ്തവമല്ല; മനസ്സിന്റെ പ്രതിഭാസമാണെന്നു'' പറയുന്നതു വിഡ്ഢിത്തം തന്നെയാണ്. കുട്ടി നഷ്ടപ്പെട്ട ഒരപ്പനോടും അമ്മയോടും "നിങ്ങളുടെ

കുട്ടി നഷ്ടമായതു മാനസിക പ്രതിഭാസമാണ് നിങ്ങളുടെ കുട്ടി മരിച്ചിട്ടില്ല; അതുവെറും മായയാണ്" എന്നു പറയുന്നതിനേക്കാൾ വിഡ്ഢിത്തം മറ്റെന്താണ്.

ബൈബിൾ വിശ്വസിക്കുന്ന ആർക്കും അറിയാം വേദന, ക്രിസ്തുവിന്റെ തലയിൽ മുള്ളു കുത്തിയപ്പോഴും ശരീരത്തിൽ ആണി അടിച്ചപ്പോഴും ഉണ്ടായതും യാഥാർത്ഥ്യമാണ് എന്ന്. യേശു ക്രൂശിൽ കഷ്ടതയേറ്റു മരിച്ചു കഴിഞ്ഞപ്പോൾ, ശിഷ്യന്മാർ ഒറ്റപ്പെട്ടുപോയതും സുവിശേഷവും തെറ്റായ സങ്കല്പത്തിന്റെ ഫലമായിരുന്നു എന്നതും, വേദന തെറ്റായ ചിന്തയുടെ ഫലമാണെന്നു പറയുന്നതും ഒരേ ആശയത്തിന്റെ രണ്ടു ഭാഗങ്ങളാണ്.

**"ദൈവത്തെ പരിമിതപ്പെടുത്തുന്നു"**

ദൈവത്തിനു പരിമിതിയുണ്ട് എന്ന വിശദീകരണമാണ് സങ്കീർണ്ണ പ്രശ്നങ്ങളെ നേരിടുന്ന അടുത്ത തെറ്റായ ആശയം ആ ആശയ പ്രകാരം, ദൈവം നീതിമാനും ഉത്തമനും ആണെങ്കിലും, തന്റെ ഹിതം പൂർണ്ണമായി നിറവേറ്റുവാൻ കഴിയുന്നില്ല എന്നാണ്. തനിക്കെതിരായി പോരാടുന്ന ലോകത്തിലെ ശക്തിയോടു പരിമിതമായേ അവന്നു പോരാടുവാൻ കഴിയൂ എന്നാണ് ഈ വീക്ഷണം ഉള്ളവർ ചിന്തിക്കുന്നതു. നാം ഇതിൽ പരാജയപ്പെടുന്നതു സൃഷ്ടിയുടെ കുഴപ്പമല്ല, മറിച്ചു സൃഷ്ടികർത്താവിന്റെ കഴിവില്ലായ്മയാണ്. അവരുടെ തത്വം പറയുന്നതു ദൈവത്തിന്റെ നിത്യമായ ഹിതം ഉണ്ടാക്കിയിട്ടില്ലാത്ത തടസ്സങ്ങൾ, ദൈവേഷ്ടം നടപ്പാക്കുന്നതിൽ വിഘ്നം വരുത്തുകയാണ്. ദൈവത്തിനു പരിമിതിയുള്ളതുകൊണ്ടു തിന്മയെ എതിർക്കുവാൻ തന്നാൽ കഴിവതു ചെയ്യുന്നുണ്ടെങ്കിലും സാധിക്കുന്നില്ല എന്നു നമ്മെ വിശ്വസിപ്പിക്കുവാൻ അവ ശ്രമിക്കുന്നത്. ലോകത്തുള്ള പോരാട്ടങ്ങൾ സംശയാസ്പദമായതുകൊണ്ടു അവർ വിചാരിക്കുന്നതു ദൈവത്തിനു നമ്മുടെ സഹായം വേണം എന്നാണ്. അവരുടെ വിചാരത്തിൽ, ഓരോ ആത്മാവും ദൈവഭാഗത്തുനിന്നു പോരാടുന്നവർ ശക്തി സംഭരിക്കുകയും നീതിക്കു വേണ്ടിയുള്ള പരിശ്രമത്തിൽ അങ്ങനെ വിജയസാധ്യത വരുത്തുകയും ചെയ്തേക്കാം.

ഈ വീക്ഷണം പെട്ടെന്നു നമുക്കു കാണാൻ കഴിയുന്നതു ലോകത്തിലെ തിന്മക്കുള്ള വിശദീകരണം നല്കുന്നില്ല എന്നും, മറിച്ചു പോരാട്ടത്തെ നേരിടുമ്പോൾ ബാഹ്യശക്തിയെ അതിജീവിക്കുവാനോ എതിർക്കുവാനോ മതിയായവനല്ല എന്നു പറയുകയാണ്. എന്നാൽ ബോസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ആധുനിക തത്വചിന്തകരെ നയിച്ച ഈ. എസ്. ബ്രൈറ്റ്മാൻ ഈ കാഴ്ച്ചപ്പാടിനെപ്പറ്റി പറഞ്ഞു, പ്രശ്നത്തിനു പരിഹാരം കാണുന്നില്ല എന്ന വിശാലമായ അഭിപ്രായമാണ്. ദൈവത്തിനു പരിമിതിയുണ്ട് എന്നതു ബൈബിളിൽ പറഞ്ഞിരിക്കുന്ന പരിമിതിയില്ലാത്ത ദൈവം എന്ന ഉപദേശത്തിനു വിപരീതമാണ്. ദൈവം സർവ്വ - ശക്തനാണ്, തന്റെ ഉദ്ദേശം ലോകത്തിൽ കഴിയും, കാരണം "ദൈവത്തിനു സകലവും സാധ്യം" (മത്തായി 19:26).

**"എല്ലാ കഷ്ടതയും പാപത്തിന്റെ ഫലം അത്രേ"**

കഷ്ടതയെ സംബന്ധിച്ച് തെറ്റായ മൂന്നാമത്തെ "പരിഹാരം" എന്തെന്നാൽ എല്ലാ കഷ്ടതയും ഒരാളുടെ തന്നെ പാപഫലമാണ് എന്നത്രേ. ഇതിൽ അടങ്ങിയിട്ടുള്ള ശക്തമായ സത്യം, പാപത്തിന്റെ ഫലമായി കഷ്ടത വരും എന്നതാണ്. ഇന്നു ലോകത്തു കാണുന്ന വേദനയിൽ അധികവും മനുഷ്യരുടെ ദുഷ്ടതയിൽ നിന്നും തിന്മയിലേക്കു ചാഞ്ഞതിന്റെ ഫലമായിട്ടുള്ളതാണ്. നാം തെറ്റു ചെയ്താൽ അതിന്റെ കഷ്ടത നാം അനുഭവിക്കും, നാം എന്തു കൊണ്ടാണ് കഷ്ടപ്പെടുന്നതു എന്നു മനസ്സിലാക്കുവാൻ അല്പം പ്രയാസപ്പെടുന്നു. എങ്ങനെയായാലും, ഇതു എല്ലാറ്റിന്റെയും വിശദീകരണം ആവുന്നില്ല. നിരപരാധി കഷ്ടപ്പെടുന്നതെന്തിനു എന്നു അതു വിശദമാക്കുന്നില്ല. എല്ലാ കഷ്ടതയും പാപം നിമിത്തമാണ് എന്നു പറയുന്നതു ശരിയായിരിക്കയില്ല. മനുഷ്യന്റെ കുഴപ്പങ്ങളെല്ലാം അവന്റെ ജീവിതത്തിലെ സ്വഭാവത്തിൽ നിന്നുണ്ടായതാണ് എന്നു പറയുന്നത്ര വാസ്തവമാകയില്ല.

ഇയ്യോബിന്റെ സ്നേഹിതന്മാർ, അവനിൽ മറഞ്ഞു കിടക്കുന്ന തെറ്റുകളാണ് കുഴപ്പങ്ങൾക്കു കാരണം എന്നു തെറ്റായി കുറ്റപ്പെടുത്തുവാൻ തുടങ്ങി. അവൻ ചാരത്തിൽ ഇരിക്കുന്നതു അവർ കണ്ടു, അവന്റെ ശരീരം രോഗബാധിതമാവുകയും, വേദനകൊണ്ടു പുളയുകയും, തന്റെ ഭാര്യപോലും അവനെതിരായി, അവന്റെ കുടുംബാംഗങ്ങൾ മരിച്ചുപോയി, അവന്റെ സമ്പാദ്യങ്ങളും എല്ലാം പോയി. തന്റെ ഭവനത്തിനു നേരിട്ട വിപത്തു പെട്ടെന്നായിരുന്നു. "ഇയ്യോബേ, നീ ഇത്രയും കഷ്ടത അനുഭവിക്കുവാൻ തീർച്ചയായും എന്തോ കഠിന പാപം ചെയ്തിട്ടുണ്ട്" അവന്റെ സ്നേഹിതന്മാർ പറഞ്ഞു. "മാനസ്സാന്തരപ്പെട്ടു അതു ഏറ്റു പറയുക എന്നാൽ ദൈവം ഒരിക്കൽ കൂടെ തന്റെ മുഖം നിന്നിലേക്കു തിരിക്കുമായിരിക്കും." ഈ കുറ്റാരോപണങ്ങൾ ഇയ്യോബ് എതിർക്കുന്നതാണ് ഇയ്യോബിന്റെ പുസ്തകത്തിലെ ഭൂരിഭാഗവും, അവന്റെ തന്നെ തെറ്റുകൊണ്ടാണ് എന്ന തെറ്റായ വാദത്തെ പ്രതിരോധിച്ചു താൻ നീതിമാനാണെന്നു ബോധ്യപ്പെടുത്തി. ആ പോരാട്ടത്തിൽ നിന്നു പുറത്തു വരുന്നതു വലിയ ജ്ഞാനമാണെന്നു കാണാം.

പിലാത്തൊസ് ചിലരുടെ രക്തം യാഗങ്ങളോടു കലർത്തിയ പാപം ദേശത്തുള്ള മറ്റുള്ളവരുടെ പാപങ്ങളേക്കാൾ കഠിനമല്ല എന്നു യേശുക്രിസ്തു പറഞ്ഞിരുന്നു:

> ആ ഗലീലക്കാർ ഇതു അനുഭവിക്കയാൽ എല്ലാ ഗലീലക്കാരിലും പാപികൾ ആയിരുന്നു എന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? അല്ലല്ല. മാനസ്സാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചു പോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. അല്ല, ശീലോഹോമിലെ ഗോപുരം വീണു മരിച്ചുപോയ ആ പതിനെട്ടു പേർ യെരുശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാർ ആയിരുന്നു എന്നു തോന്നുന്നുവോ? അല്ല മാനസ്സാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചു പോകും (ലൂക്കൊസ് 13:2-5).

ഭാഷയിൽ അതു വ്യക്തമല്ലായിരിക്കാം, നമ്മുടെ കർത്താവു നിഷേധിക്കുന്നതാണ് എല്ലാ കഷ്ടതയും ദുഷ്ടതയുടെ ഫലമായിട്ടാണ് എന്നതു.

മറ്റൊരവസരത്തിൽ, ജന്മനാ കുരുടനായി പിറന്ന ഒരാളെ കണ്ടുമുട്ടി യപ്പോൾ, യേശുവിനോടു ചോദിച്ചു: "'ഗുരോ, ഇവൻ കുരുടനായി പിറക്കുവാൻ തക്കവണ്ണം, ആർ പാപം ചെയ്തു?' ഇവനോ ഇവന്റെ അമ്മയപ്പന്മാരോ എന്നു ചോദിച്ചു. യേശു അതിനു മറുപടി 'അവൻ എങ്കിലും അവന്റെ അമ്മയപ്പന്മാരെങ്കിലും; പാപം ചെയ്തിട്ടില്ല, ദൈവ പ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിന്നത്രേ'' എന്നു പറഞ്ഞു (യോഹന്നാൻ 9:2, 3). അവൻ കുരുടനായതു അവന്റെ പാപം നിമി ത്തമോ അവന്റെ മാതാപിതാക്കളുടെ പാപം നിമിത്തമോ ആയിരുന്നില്ല. എല്ലാ കഷ്ടതയും ഒരാളുടെ പാപഫലമാണെന്ന, ആശയത്തെ നിഷേധി ക്കുന്നതാണ് യേശുവിന്റെ കഷ്ടത. തിരുവെഴുത്തു പറയുന്നതു "അവൻ പാപം ഒന്നും ചെയ്തിട്ടില്ല" (1 പത്രൊസ് 2:22). എന്നിട്ടും, അവൻ നമ്മെ വീണ്ടെടുക്കേണ്ടതിന്നു - കുറ്റവാളികൾക്കു വേണ്ടി നിരപരാധി - കഷ്ടതയേറ്റു. പാപം നിമിത്തം കഷ്ടതവരുമെങ്കിലും, എല്ലാ കഷ്ടതയും അതുകൊണ്ടാണെന്നു വിശദമാക്കാവുന്നതല്ല, അല്ലെങ്കിൽ അങ്ങനെ എല്ലാ കഷ്ടതയുമെന്നു ബൈബിൾ പറയുന്നുമില്ല. ക്രിസ്ത്യാനികൾക്കുള്ള വിശദീകരണം ഇതാണ്.

ഇപ്പോൾ നാം ചില തെറ്റായ "പരിഹാരങ്ങൾ" കാണുകയുണ്ടായി, അതിൽ ആർക്കും ഒരു പൂർണ്ണമായ പരിഹാരം മനുഷ്യ കഷ്ടതക്കു കണ്ടെത്താനായില്ല. ചോദ്യങ്ങളുടെ പലവശങ്ങളും നമ്മുടെ മനസ്സിലാക്കലിനും അപ്പുറമാണ്. ഈ പാഠത്തിൽ നാം പരിഹാരം കണ്ടെ ത്താതെ മടുത്തു പോകയുമില്ല. എങ്ങനെയായാലും, ഇവിടെ പറയുന്ന നിർദ്ദേശങ്ങൾ കഷ്ടതയെ, നമ്മുടെയും മറ്റുള്ളവരുടെയും നേരിടുവാൻ സഹായിക്കും.

വിശ്വാസ പോരാട്ടത്തിൽ നിരപ്പു പ്രാപിക്കാൻ ശ്രമിക്കുന്ന കഷ്ടപ്പെടുന്നവർ ഇങ്ങനെ പറയുന്നു. ദൈവം നല്ലവനാണെങ്കിൽ, അവൻ മനുഷ്യരെ സന്തോഷിപ്പിക്കും; അവൻ സർവ്വ ശക്തൻ ആണെങ്കിൽ, തന്റെ ഇഷ്ടം ചെയ്യുവാൻ ശക്തിയുള്ളവനാണ്. അവന്റെ സൃഷ്ടികൾ സന്തുഷ്ടരല്ലാത്തവരായതുകൊണ്ടു, ദൈവത്തിനു ശക്തിയും, നന്മയും കുറഞ്ഞിരിക്കാം.

### ദൈവത്തിന്റെ സർവ്വശക്തിയും നന്മയും

ദൈവത്തിനു നമ്മോടുള്ള സ്നേഹവും ദൈവത്തിന്റെ സർവ്വശക്തിയും ഒരു പുതിയ വിലയിരുത്തലിനു വിധേയമാക്കിയാൽ നമ്മുടെ ഉള്ളിലെ ചില തെറ്റിദ്ധാരണകൾ നീങ്ങും. "ദൈവത്തിനു സകലവും സാധ്യം" എന്നു ബൈബിൾ പറയുമ്പോൾ ബൈബിൾ എന്താണ് അർത്ഥമാക്കുന്നത് (മത്തായി 19:26)? അതിനർത്ഥം അവനു അഴിക്കാൻ പറ്റാത്തതു അവൻ കെട്ടും എന്നാണോ? ദൈവത്തിനു ചതുരവൃത്തം ഉണ്ടാക്കാൻ കഴിയുമെന്നാണോ? അത്തരം ചോദ്യങ്ങൾ, വെറും വാക്കുകൾ കൊണ്ടുള്ള കളിമാത്രമാണ്. ഇങ്ങനെ നാം വാക്കുകൾ ചേർത്തു പറഞ്ഞാൽ അത് ഒരിടത്തും എത്തുകയില്ല.

പരസ്പരം പ്രത്യേകതയുള്ള കാര്യങ്ങൾ ചെയ്യാൻ സാദ്ധ്യമല്ല, തലതിരിഞ്ഞ ലോകം ദൈവം ഉണ്ടാക്കുകയുമില്ല. ചിലർ ഊഹിച്ചേക്കാവുന്ന രീതിയിൽ വിഡ്ഢിത്തം പ്രവർത്തിക്കുന്നതല്ല ദൈവത്തിന്റെ സർവ്വശക്തി. പകരം, ദൈവത്തിന്റെ മറ്റു ഗുണങ്ങളോടൊത്തു വേണം ചിന്തിക്കുവാൻ അതു അവന്റെ മറ്റു സ്വഭാവഗുണങ്ങളുമായി പൂർണ്ണയോജിപ്പിലായിരിക്കും. തന്റെ ഹിതവും സ്വഭാവവും അനുസരിച്ചു സകലവും ചെയ്യുവാൻ ദൈവം സർവ്വ ശക്തനാണ്. അവൻ ദൈവമാകയാൽ ഭോഷ്ക് പറയുവാൻ അവനു സാധ്യമല്ല (എബ്രായർ 6:18) ദോഷങ്ങളാൽ പരീക്ഷിക്കുകയില്ല (യാക്കൊബ് 1:13), ദുഷ്ടത അവനു കണ്ടില്ലെന്നു നടിക്കുവാനും സാധ്യമല്ല (ഹബക്കൂക്ക് 1:13). ഈ കാര്യങ്ങൾ ദൈവം ചെയ്താൽ അത് അവന്റെ സ്വഭാവത്തെ ലംഘിക്കുന്നതാകും.

സർവ്വശക്തനായ ദൈവം മനുഷ്യനെ അവന്റെ ജീവിതത്തിൽ, തിരഞ്ഞെടുക്കുവാനുള്ള സ്വതന്ത്രമായി ചിന്തിച്ചു തീരുമാനങ്ങൾ എടുപ്പാനും പ്രവർത്തിക്കുവാനും സ്വാതന്ത്ര്യം കൊടുത്തു. മനുഷ്യനു സ്വതന്ത്ര ഇച്ഛാശക്തി കൊടുത്തപ്പോൾ ദൈവം അതിൽ തന്നെത്താൻ പരിധി അടിച്ചേല്പിച്ചു. ഈ ലോകത്തിൽ മനുഷ്യരെ സ്വതന്ത്ര ഇച്ഛാശക്തിയോടെ സൃഷ്ടിച്ചതിനാൽ ദൈവത്തിന്റെ സർവ്വശക്തിക്കു ഒരു കോട്ടവും സംഭവിക്കുന്നില്ല. ദൈവം തന്നിൽ അടിച്ചേല്പിച്ചതായ പരിമിതി ഒരു തരത്തിലും ബാഹ്യശക്തിയാൽ ഉണ്ടായതല്ല, പിന്നെയോ അവന്റെ സ്വഭാവത്തിൽ ഉരുത്തിരിഞ്ഞു വന്നതാണ്.

മനുഷ്യൻ തെറ്റായ തീരുമാനങ്ങൾ എടുത്തു അതിന്റെ അനന്തരഫലമായി കഷ്ടത അനുഭവിക്കേണ്ടിവരും എന്നറിഞ്ഞു കൊണ്ട്, ദൈവം എന്തിനാണ് സ്വതന്ത്ര ചിന്താഗതിയോടെ സൃഷ്ടിച്ചതു ഒരാൾ ചോദിച്ചേക്കാം; അതിനു ഒരു ഉത്തരം മാത്രമേയുള്ളൂ: സ്വതന്ത്രമായി ഓരോരുത്തരും ദൈവത്തെ സേവിക്കുന്നതോ നിഷേധിക്കുന്നതോ തിരഞ്ഞെടുക്കാവുന്ന സാഹസം പരിമിതിയില്ലാത്ത ദൈവത്തിന്റെ ജ്ഞാനത്തിനും സ്നേഹത്തിനും അങ്ങനെ സൃഷ്ടിക്കുവാൻ മനസ്സു തോന്നി അവൻ ഈ സാഹസം ചെയ്തതു നാം ദൈവത്തെ പോലെ ധാർമ്മികമായും ആത്മികമായും ആകണം എന്ന ഉദ്ദേശത്തിലാണ്. നിർബ്ബന്ധത്താലല്ല, മറിച്ചു പ്രേരണയാൽ മനുഷ്യരുടെ മനസ്സും ഇച്ഛയും പ്രവർത്തിക്കുവാനാണ് ദൈവം ആഗ്രഹിച്ചത് അതുകൊണ്ടു, ദൈവത്തെ ത്യജിച്ചുകളഞ്ഞ കഠിന ഹൃദയരുടെ പ്രവൃത്തികളാണ് ലോകത്തിലെ തിന്മകൾ അധികവും. ഇച്ഛക്കു സ്വാതന്ത്ര്യം കൊടുത്തു കഴിഞ്ഞാൽ, ഒരാൾ തിരഞ്ഞെടുക്കുന്ന തിന്മയെ തടുക്കുവാൻ ദൈവം ഇടപെടുകയില്ല, കാരണം അയാൾ അതു ഇഷ്ടപ്പെടുന്നു എന്നതാണ്. തീരുമാനം വ്യക്തികളിൽ നിഷിപ്തമാണ്. ദൈവ വചനപ്രാകരം ഉള്ള ഉപദേശം തിരഞ്ഞെടുത്തു ജീവിക്കുവാനല്ല ധാർമ്മികമായ ഉത്തരവാദിത്വത്തെ ദൈവത്തിന്റെ സർവ്വശക്തി ഒരിക്കലും ഇല്ലാതാക്കുകയില്ല.

ദൈവത്തെ നാം സ്നേഹം എന്നു പറയുന്നതുകൊണ്ടു, ആളുകൾ ദൈവത്തെ ഇന്നു വലിയ സാന്താക്ലാസ് അല്ലെങ്കിൽ വലിയ മുത്തച്ഛനായോ കരുതുന്നുണ്ട്. അവർ വിചാരിക്കുന്നതു ദൈവത്തിന്റെ

മുഖ്യ പ്രവർത്തി അവന്റെ സൃഷ്ടികൾക്ക് ഭൂമിയിൽ വേണ്ടത് എല്ലാം ആസ്വദിക്കുന്നതിനു നല്കുക എന്നതാണ്.സ്നേഹത്തെക്കുറിച്ചു എന്തു തല തിരിഞ്ഞ ചിന്തയാണ് ഇത്! അവരുടെ ജീവിതാനുഭവത്തിൽ ഈ സ്വപ്നം സാക്ഷാത്കരിക്കാതെ വരുമ്പോൾ, പലരും പറയും, "ഞാൻ ചോദിച്ചതു നല്കാത്ത [അല്ലെങ്കിൽ എനിക്ക് ഏറ്റവും നല്ലതെന്നു ഞാൻ വിചാരിക്കുന്നതു] നല്കാത്ത ദൈവത്തിൽ എനിക്കു വിശ്വസിക്കുവാൻ സാദ്ധ്യമല്ല" ദൈവ സ്നേഹത്തെക്കുറിച്ചു ശ്രദ്ധിച്ചു പഠിക്കുന്ന ക്രിസ്ത്യാനി അതിലെ സാമ്യവും ചിത്രീകരണങ്ങളും മനസ്സിലാക്കിയാൽ ദൈവം ഒരു മുതുമുത്തഛനാണെന്നു ചിത്രീകരിക്കയില്ല.

കുശവൻ കളിമണ്ണു കൊണ്ടു ശ്രദ്ധിച്ചു സൃഷ്ടിക്കപ്പെട്ടു പാത്രങ്ങൾ മെനയുന്നതുപോലെയാണ് ദൈവത്തെപ്പറ്റി പറഞ്ഞിട്ടുള്ളത് ഒരു നിർമ്മാതാവു വൈഭവത്തോടെ കല്ലുകൾ ചേർത്തു മനോഹരമായ ആകൃതിയിൽ ആലയം പണിയുന്നതുപോലെയാണ് അവന്റെ തല ഉയർത്തി നില്ക്കുന്ന മാസ്റ്റർ പീസ്. അപകടത്തിൽ നിന്നു തന്റെ ആട്ടിൻ കൂട്ടത്തെ ശ്രദ്ധയോടെ സംരക്ഷിക്കുന്ന ഒരു ഇടയനെ പോലെയും, ഒരു പിതാവു തന്റെ കുട്ടികളെ ശിക്ഷിച്ച് അച്ചടക്കത്തിൽ വളർത്തുന്നതിൽ കൃതാർത്ഥനാകുന്നതുപോലെയുമാണ് അവൻ. തിരുവെഴുത്തിൽ എല്ലായ്പ്പോഴും നമ്മെ ശ്രദ്ധിച്ചു സ്നേഹിക്കുന്നവനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. അവന്റെ വിശുദ്ധകണ്ണിൽ നമ്മുടെ നിരവധി തിന്മയും, എതിർപ്പും, മത്സരവും ആണു കാണുന്നത്, അവന്റെ സ്നേഹം നിമിത്തം നമുക്കു പ്രയാസമുണ്ടാകുന്നതാണ് അവ.

നാം അവന്റെ വിശുദ്ധ സ്വഭാവത്തിനു കൂടുതൽ അനുരൂപമായി കൂടുതൽ സ്നേഹിക്കുന്ന വ്യക്തിയും വിശുദ്ധരും നിർമ്മലരും ആകുവാനാണ് ദൈവം നമ്മിൽ പ്രവർത്തിക്കുന്നത്. നമ്മുടെ ബലഹീനതകളെ നാം അതിജീവിക്കുന്നതിൽ അവൻ പ്രസാധിക്കുന്നു. നമ്മിൽ കാണേണ്ട ഒരു നന്മയുമില്ലാതെ വരുമ്പോഴല്ലാതെ അവൻ നമ്മെ വിട്ടുകളയുകയില്ല. നാം അവനോടുകൂടെ നിത്യത ചെലവിടുവാൻ അവൻ നമ്മെ പരിശീലിപ്പിക്കയും, അച്ചടക്കത്തിൽ തയ്യാറാക്കുകയും ചെയ്യുന്നു. ദൈവസ്നേഹം എന്ന ആശയത്തിൽ അച്ചടക്കമില്ലാതെ അതിനു മതിയായ സ്ഥാനമില്ല. തന്റെ കരുതൽ അവനു നമ്മോടുള്ള വലിയ സ്നേഹത്തെ കാണിക്കുന്നതാണ്. അവൻ നമ്മെ സ്നേഹിക്കയും കരുതുകയും ചെയ്യുന്നതു അവന്റെ പ്രിയപുത്രനായ, യേശുക്രിസ്തുവിനെ പോലെ ആകുവാനാണ്.

### പ്രപഞ്ചത്തിന്റെ മനോഭാവം

ദൈവ പദ്ധതിയിൽ കഷ്ടതക്കുള്ള സ്ഥാനം എവിടെയാണെന്നു മനസ്സിലാക്കുവാൻ സഹായിക്കുന്ന മറ്റൊരു സത്യമാണ് പ്രകൃതിയുടെ സ്വഭാവം. ലോകത്തിന്റെ ഒരു പ്രത്യേക സ്വഭാവമാണ് അതിൽ തന്നെയുള്ള ഐകരൂപ്യം. ലോകത്തിന്റെ സ്വഭാവമായ ക്രമം എന്ന ആശയം ശാസ്ത്രം അതിന്റെ വിവിധ രൂപത്തിൽ കെട്ടപ്പെട്ടിട്ടുണ്ട്. "പ്രകൃതി നിയമങ്ങൾ" അനുസരിച്ചു സ്ഥിരമായി പ്രവർത്തിക്കുന്ന വസ്തുക്കളെ എടുത്തു കാണിക്കാറുണ്ട്. ഈ "നിയമങ്ങളുടെ" പ്രവർത്തനം (അല്ലെങ്കിൽ ഐകരൂപ്യ തത്വങ്ങൾ) പ്രകൃതിയിൽ മനുഷ്യനു ജീവിക്കുവാൻ പറ്റുന്നവയാണ്, ഭൂമിയും, അതിലുള്ളതൊക്കെയും അവരുടെ

ഉപയോഗത്തിനും ക്ഷേമത്തിനും ഉള്ളതാണ്. അതേ വസ്തുക്കളുടെ ഐകരൂപ്യം നല്ല ഉദ്ദേശങ്ങൾ വെച്ചുകൊണ്ടു നന്മക്കായി ഉപയോഗിക്കുവാനും മോശമായ ഉദ്ദേശം വെച്ചുകൊണ്ടു തിന്മ പ്രവർത്തിക്കുവാനും ഉള്ള അവസരം ഉണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ പണിയുന്നതിനും, സാംസ്ക്കാരികമായ ആവശ്യങ്ങൾക്കും, ആരാധനാലയങ്ങൾ പണിയുന്നതിനും ഉപയോഗിക്കാം. അതേ സമയം മാരകായുധങ്ങൾ ഉണ്ടാക്കി മനുഷ്യരെ നശിപ്പിക്കുന്നതിനും ഉപയോഗിക്കാം. എത്രത്തോളം ആധുനികമായി ഉപയോഗപ്രദമാക്കാമോ, അതുപോലെ അന്യായമായി ഉപയോഗിക്കുകയും ചെയ്യാം.

അഗ്നി, ഉദാഹരണമായി, ശരിയായി ഉപയോഗിച്ചാൽ മനുഷ്യനു അതു ഉപകാരപ്രദമാണ്. ഇതു മുറിക്കു ചൂടു തരുന്നു, ആഹാരം പാചകം ചെയ്യാം, മെഷീൻ പ്രവർത്തിപ്പിക്കുന്നതിനു ഊർജ്ജം ഉൽപാദിപ്പിക്കുന്നു. എങ്ങനെയായാലും, അല്പം അകലെ വെച്ചാൽ മനുഷ്യനു പ്രയോജനമാകുന്നത്, ശരീരത്തിൽ സ്പർശിച്ചാൽ അപകടം വരുത്തും. ആഹാരം പാചകം ചെയ്യുവാൻ ഉപയോഗിക്കുന്ന തീ മറ്റു പ്രകൃതി നിയമങ്ങളാൽ സൂക്ഷിച്ചില്ലെങ്കിൽ ഒരു ഗ്രാമത്തെ മുഴുവൻ ദഹിപ്പിച്ചു കളയും.

ഒരു വ്യക്തിയെയോ, അവന്റെ വസ്തുവിനെയോ തീ ബാധിച്ചാൽ, ദൈവം തീയുടെ സ്വഭാവം എന്ന പ്രകൃതി നിയമത്തെ ദൈവം തടഞ്ഞു നിർത്തിയാൽ എന്തു സംഭവിക്കും? തന്റേതല്ലാത്ത ഉദ്ദേശത്തിനു ഓരോ സമയത്തും ഒരാൾ തീ ഉപയോഗിക്കുന്നതിൽ ദൈവം ഇടപെടുകയാണെങ്കിൽ എന്തുണ്ടാകും? അതു നിരന്തരമായി ചെയ്തു കൊണ്ടിരുന്നാൽ അയാൾക്കു പ്രകൃതി നിയമത്തെ അറിയുവാൻ സാധ്യമല്ല എന്നു മാത്രമല്ല ലോകത്തിൽ എന്തെല്ലാം കുഴപ്പങ്ങൾ അങ്ങനെ ഉണ്ടാകും! അതിനെ ലോകത്തിലെ എല്ലാ പ്രകൃതി നിയമങ്ങളുമായി അതിന്റെ കുഴപ്പത്തെ ഒന്നു ഗുണിച്ചു നോക്കുക. പ്രകൃതി നിയമങ്ങൾ ഇല്ലെങ്കിൽ, സ്വതന്ത്ര ഇച്ഛയോ, ധാർമ്മിക ഉത്തരവാദിത്വമോ ഉണ്ടാവുകയില്ല, തെറ്റായ പ്രവൃത്തികളും അസാദ്ധ്യമാകും മനുഷ്യന്റെ ഓരോ വികൃതിക്കും ദൈവം പ്രകൃതി നിയമങ്ങളെ മാറ്റാതിരിക്കുന്നതു വലിയ അനുഗ്രഹം തന്നെയാണ്.

അതുപോലെ ദൈവം വിശ്വസ്ഥതക്കുള്ള പ്രതിഫലമായി കഷ്ടതയിൽ നിന്നു തന്റെ ജനത്തിനു മുക്തി കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിട്ടില്ല. “എന്തുകൊണ്ടു ദുഷ്ടൻ അഭിവൃദ്ധി പ്രാപിക്കുമ്പോൾ, നീതിമാൻ ബുദ്ധിമുട്ടുന്നു?” എന്നു പലപ്പോഴും ചോദിച്ചു കേട്ടിട്ടുണ്ട്. സങ്കീർത്തനക്കാരൻ സങ്കീർത്തനം 73 എഴുതിയപ്പോൾ ഈ പ്രശ്നം നേരിട്ടിരുന്നു. പുതിയ നിയമത്തിൽ, ദൈവം തന്റെ ജനത്തിനു സാധാരണ രോഗങ്ങളിൽ നിന്നു മുക്തിനേടുവാൻ “ദൈവിക വലയം” നല്കാമെന്നു വാഗ്ദാനം ചെയ്തിട്ടില്ല. ക്രിസ്ത്യാനികളെ അർബ്ബുദത്തിൽ നിന്നോ മറ്റു മാരകമായ രോഗത്തിൽ നിന്നോ വിടുവിക്കാമെന്നു ഉറപ്പു നല്കിയിട്ടില്ല. എന്റെ പ്രിയപ്പെട്ടവരെ മരണത്തിൽ നിന്നു വിടുവിക്കാമെന്നു ദൈവം വാക്കു പറഞ്ഞിട്ടില്ല. ഹൈവേയിലെ അപകടത്തിൽ നിന്നും ക്രിസ്ത്യാനിയായതുകൊണ്ടു ഒഴിവാക്കാമെന്നു ദൈവം പറഞ്ഞിട്ടില്ല. ഒരു ദൈവ പൈതൽ അപകടങ്ങൾ നേരിടുന്ന ഓരോ

സമയത്തും ദൈവം അങ്ങനെ ഇടപെടുകയാണെങ്കിൽ, പ്രകൃതി നിയമങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കും. അങ്ങനെയായാൽ സ്വമനസ്സോടെ സ്നേഹിച്ചു ദൈവത്തെ സേവിക്കുന്നതിനു പകരം കുഴപ്പങ്ങളിൽ നിന്നും, പ്രശ്നങ്ങളിൽ നിന്നും, അപകടങ്ങളിൽ നിന്നും സംരക്ഷണം നല്കുന്ന ഇൻഷുറൻസ് പോലെയാകും. അപ്പോൾ മതം സ്വാർത്ഥമായ വിലപേശൽ മാത്രമാകും; ശുദ്ധ ഹൃദയത്തോടെയും, നിസ്വാർത്ഥ ലക്ഷ്യത്തോടെയും ദൈവത്തെ സേവിക്കുക എന്ന ഉദ്ദേശം പൊയ്പോകും.

**മറ്റുള്ളവരോടുകൂടെയുള്ള ജീവിതം**

"നമ്മിൽ ആരും തനിക്കായി തന്നേ ജീവിക്കുന്നില്ല; ആരും തനിക്കായി തന്നേ മരിക്കുന്നതുമില്ല" (റോമർ 14:7). കഷ്ടത എന്ന പ്രശ്നത്തിനു മറ്റൊരു ഉൾക്കാഴ്ച്ചയാണ് ഈ പ്രസ്താവനയിലുള്ളത് കൂടുതലും നിരപരാധികൾ കഷ്ടപ്പെടുവാൻ കാരണം ആളുകൾ കൂട്ടമായിട്ടാണ് ജീവിക്കുന്നത്; അതുകൊണ്ടു ഒരാൾ ചെയ്യുന്നതു മറ്റുള്ളവരുടെ ജീവിതത്തെ ബാധിക്കുന്നു.

മദ്യപാനി ആയ ഒരു ഡ്രൈവർ ഹൈവേയിൽ കൂടെ അതിവേഗ ത്തിൽ വാഹനമോടിക്കുന്നു എന്നു വിചാരിക്കുക, മദ്യം കഴിച്ചതിനാൽ അയാളുടെ സ്വബോധം നഷ്ടപ്പെട്ടിരിക്കയാണ്. മറ്റു പലരും അതേ റോഡിൽ കൂടെ വാഹനങ്ങൾ ഓടിച്ചുപോകുന്നുണ്ട്. അവർ നിയമം - അനുസരിച്ചു - സഞ്ചരിക്കുന്ന പൗരന്മാരാണ്, അവർ സുബോധ ത്തോടെ വാഹനം കൈകാര്യം ചെയ്യുന്നവരുമാണ്. അവർ അവരുടെ സൈഡ് നോക്കിയാണ് ഓടിക്കുന്നത്. എങ്ങനെയായാലും, ഈ മദ്യപാനി ആയ ഡ്രൈവർ തെറ്റായ ദിശയിൽ അമിതമായ വേഗതയിൽ ഓടിച്ചുകയറ്റി ഒരു കുടുംബത്തിലെ അംഗങ്ങൾ എല്ലാം മുറിവേല്ക്ക പ്പെടുകയോ, മരിക്കുകയോ ചെയ്യുന്നു. ആ മദ്യപാനിയുടെ വാഹന മോടിക്കൽ നിമിത്തം നിരപരാധികൾ ഇരയായിത്തീരുന്നു.

ആളുകൾ ഒരുമിച്ചു താമസിക്കുന്ന പ്രദേശത്തു ഒരാളുടെ തെറ്റായ പ്രവൃത്തി നിമിത്തം കഷ്ടമേല്ക്കേണ്ടിവരുന്നവരുടെ സംഖ്യ വർദ്ധിക്കുന്നു. "എന്തിനാണ് മറ്റുള്ളവരുടെ തെറ്റായ പ്രവൃത്തികളിൽ എന്നെ ഇരയാക്കുന്നത്? അവരുടെ തെറ്റുകൾക്കു ഞാൻ എന്തിനു കഷ്ടമേല്ക്കണം?'' എന്നു നിങ്ങൾ ചോദിച്ചേക്കാം. നിങ്ങൾ ഏകാന്തമായി ഒരിടത്തു താമസിക്കുകയാണെന്നു വിചാരിക്കുക, അപ്പോൾ ഈ പറഞ്ഞ കുഴപ്പങ്ങൾ ഒന്നും നിങ്ങളെ ബാധിക്കയില്ല. അതുപോലെ മറ്റുള്ളവരിൽ നിന്നു നിങ്ങൾക്കു ലഭിക്കുന്ന നേട്ടങ്ങളും കണ്ടില്ലെന്നു നടിക്കുകയാണ്. നിങ്ങൾക്കു ലഭിച്ചിട്ടുള്ള അനുഗ്ര ഹങ്ങളുടെ അനുഭവം നോക്കിയാൽ അതു മറ്റുള്ളവരിൽ നിന്നു ലഭിച്ചിട്ടുള്ളതാണ്. ജീവിതത്തിലെ ആവശ്യങ്ങൾക്കു പോലും നാം മറ്റുള്ളവരെ ആശ്രയിക്കുകയാണ്. ഈ അന്യോന്യമുള്ള ബന്ധങ്ങൾ ഇല്ലെങ്കിൽ, നമ്മുടെ ജീവിതം എത്ര ശോചനീയമാകും എന്നു ചിന്തിക്കുക! ഒരുമിച്ചു ജീവിക്കുമ്പോൾ സാഹസം ഒഴിവാക്കി നേട്ടങ്ങളും അനുഗ്രഹങ്ങളും മാത്രം സ്വീകരിപ്പാൻ സാധ്യമല്ല.

## സ്വഭാവത്തിന്മേൽ കഷ്ടതയുള്ള ഫലം

പ്രകൃതിദത്തമായ പ്രതിവിധി നല്കുന്നതാണ് വേദന എന്ന വസ്തുത കഷ്ടതയുടെ അർത്ഥത്തിനു ഉൾക്കാഴ്ച്ച തരുന്ന മറ്റൊന്നാണ് – അതായതു, അതു കഷ്ടത ഏല്ക്കുന്ന വ്യക്തിയെ ശ്രേഷ്ഠതയുള്ള ആളാക്കി മാറ്റുന്നു. പാപമല്ല അധികം കഷ്ടതക്കും കാരണം എന്നതിനാൽ, അധികവും വരുന്നതു ദുഷ്ടത നിമിത്തം ആണ്.

താൻ നല്ലവനാണെന്നും തനിക്കു മറ്റൊന്നും ആവശ്യമില്ലെന്നും ഉള്ള ചിന്ത മനുഷ്യനെ വഞ്ചിക്കുന്നതാണ്. അവൻ ആത്മീയമായി ദരിദ്രനും, അരിഷ്ടനും, നഗ്നനും, കുരുടനും ആണെന്നു അവൻ തിരിച്ചറിയുന്നില്ല. അകൃത്യങ്ങൾ സഹിക്കുവാൻ കഴിയാത്ത പരിശുദ്ധനായ ദൈവമുൻപാകെ, മനുഷ്യൻ സ്വന്തം ഇഷ്ടം ചെയ്യുന്നവനും, അഹംഭാവം നിറഞ്ഞവനും ആണ്. ശാഠ്യമുള്ള ഒരു കുട്ടിയെ പോലെ, പാപി തന്നെ ദൈവത്തിനു കീഴ്പ്പെടുത്തുന്നതിനു മുൻപു അവന്റെ ആത്മാവു ''തകർന്നിരിക്കണം'' എങ്കിലേ ദൈവത്തിന്റെ ഉദ്ദേശത്തിനായി യോജിക്കയുള്ളു. തന്റെ ജീവിതം കുഴപ്പമില്ലാതെ പോകുന്നേടത്തോളം അവനു തന്റെ പാപവും തെറ്റും ഉപേക്ഷിക്കുവാൻ കഴിയുന്നില്ല, ഇതു പാപത്തിന്റെ ചതിയുടെ ഭാഗമാണ് ഒരാൾ ഉപദ്രവിക്കപ്പെടുകയോ, കുഴപ്പത്തിലാവുകയോ ചെയ്യുന്നതു വരെ അവന്റെ പോരായ്മയെ, പലപ്പോഴും തിരിച്ചറിയാറില്ല. അപ്പോൾ മാത്രമാണ് അവന്റെ ആത്മിയാവസ്ഥ തലയിലേക്കു കടക്കുന്നത്. ഈ അർത്ഥത്തിൽ, ശ്രദ്ധയില്ലാതെ പാപത്തിൽ ജീവിക്കുന്ന ഒരാളെ പ്രതികൂല സംഭവങ്ങൾ അവനെ ഉണർത്തുവാൻ സഹായിക്കും, അങ്ങനെ അവന്റെ നഷ്ടാവസ്ഥ മനസ്സിലാക്കി ദൈവത്തിന്റെ ആവശ്യത്തിനായി ശ്രമിക്കുകയും ചെയ്യും.

കുഴപ്പം സംഭവിക്കുന്നതുവരെ ഒരാൾ ദൈവത്തിലേക്കു തിരിയുവാനോ അവന്റെ ഇഷ്ടം ചെയ്യുവാനോ തയ്യാറാവാതിരിക്കുന്നതു നിങ്ങൾ കണ്ടിരിക്കാം. വളരെമുൻപു തന്നെ അയാൾ സുവിശേഷത്തോടു പ്രതികരിക്കേണ്ടിയിരുന്നു എന്ന്, ബുദ്ധിപരമായി അയാൾക്കറിയാം. കഷ്ടത നല്ലതാണെന്നു ആരും പറയുകയില്ല; എന്നാൽ ഏതൊരു കഷ്ടതയും ദൈവേഷ്ടത്തിനു കീഴ്പ്പെടുമ്പോൾ നന്നായി എന്നു വരുന്നു. ആ കഷ്ടത താൻ തന്റെ വഴികളിൽ എത്ര തെറ്റി പോയിരുന്നു എന്നും ദൈവത്തിന്റെ വീണ്ടെടുപ്പിൽ കൃപ ആവശ്യമാണെന്നും ബോധ്യമാക്കുന്നു.

കഷ്ടതക്കു, കഷ്ടത ഏല്ക്കുന്ന ആളുടെ സ്വഭാവത്തെയും ആത്മാവിനെയും രൂപപ്പെടുത്തി ശക്തിപ്പെടുത്തുവാൻ കഴിവുണ്ട് “ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല; ദു:ഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാനഫലം ലഭിക്കും” (എബ്രായർ 12:11; ആർ.എസ്.വി). കഷ്ടതകൾ മുഖാന്തരം നാം ദൈവത്തിൽ നിന്നും ബലവും ശക്തിയും കണ്ടെത്തുവാൻ ശ്രമിക്കും. ഒരു പക്ഷെ ജീവിതം എല്ലായ്പ്പോഴും എളുപ്പം ആയിരുന്നേക്കാം. നാം നമുക്കു മാത്രം പ്രാധാന്യം

കൊടുത്തുകൊണ്ടു നമ്മുടെ വഴിയിൽ തന്നെ ജീവിക്കുകയും, ചില ദു:ഖകരമായ അവസ്ഥയിൽ കൂടെ മാത്രമെ നാം എത്ര ബലഹീന രായിരുന്നു എന്നു തിരിച്ചറിയുകയുള്ളു. അത്തരം അനുഭവങ്ങൾ നമ്മെ ജീവിതം കൂടുതൽ അർത്ഥവത്താകുന്നു. കുഴപ്പമോ, ദു:ഖമോ, വേദനയോ, കഷ്ടതയോ ഉണ്ടാകുന്നില്ലെങ്കിൽ, നാം ക്ഷമയുള്ള വരാകയോ, സഹനശക്തി സംഭവിക്കയോ, സ്വയം - ത്യജിക്കയോ മനസ്സ ലിവുള്ളവരാകുകയോ, ധൈര്യമുള്ളവരാകയോ ചെയ്യുകയില്ല; കാരണം ഈ സ്വഭാവഗുണങ്ങൾ വളരുവാൻ സഹായിക്കുന്നതാണ് കഷ്ടത. “എന്തുകൊണ്ട്?” എന്നു നിങ്ങൾ ചോദിച്ചാൽ, കൂടുതൽ ഉത്തരം നല്കുവാൻ എനിക്കു കഴിവില്ല. ദൈവം അത്തരത്തിലാണ് ലോകത്തെ സൃഷ്ടിച്ചിരിക്കുന്നത് അവനു നല്ലതെന്തെന്ന് അറിയാം.

**ക്രിസ്തുവിന്റെ മാതൃക**

പാപത്തിൽ നിന്നുള്ള വീണ്ടെടുപ്പിനു കഷ്ടത ആവശ്യമായിരുന്നു, കാരണം ക്രൂശില്ലെങ്കിൽ പാപമോചനം ഇല്ല. തെറ്റു ജയിക്കുന്നു എന്നു തോന്നി ലജ്ജയും തരംതാഴ്ത്തലും സഹിച്ചു ശാന്തമായി ധൈര്യ ത്തോടെ അഭിമുഖീകരിച്ച ക്രിസ്തുവിന്റെ എത്രമനോഹരമായ മാതൃകയാണ് നമുക്ക് ഉള്ളത്! “ദൈവം ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു” (2 കൊരിന്ത്യർ 5:19). ദൈവമായി അവതരിച്ച പുത്രന്റെ കഷ്ടതകൂടാതെ “ഞാൻ നിങ്ങളോടു ക്ഷമി ക്കുന്നു” എന്നു പറയുവാൻ കഴിയുമായിരുന്നില്ല. ഉയിർത്തെഴു ന്നേല്പിൽ പുത്രൻ മരണത്തെ അതിജീവിച്ചു നേടിയ വിജയം, വീണ്ടെടുക്കപ്പെടുന്നവർക്കു അന്തിമമായ വിജയം ഉറപ്പുവരുത്തുന്നത് എത്ര ആഹ്ലാദകരം! “എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു” എന്നു പറഞ്ഞവനാണ് ക്രൂശിൽ മരിച്ചതെന്നു നാം തിരിച്ചറിയുമ്പോൾ (യോഹന്നാൻ 14:9), മനുഷ്യനുണ്ടാകുന്ന ഹൃദയ വേദനയോ, കഷ്ടതയോ എന്തായാലും മനുഷ്യാത്മാവു അവന്റെ ജ്ഞാനത്തിലും മനസ്സിലാക്കലിനും അപ്പുറമാണ് എന്നറിയും. ക്രിസ്തുവിന്റെ കഷ്ടതയെക്കുറിച്ചു അപ്പൊസ്തലനായിരുന്ന പത്രൊസ് നമുക്ക് ഈ സന്ദേശം നല്കുന്നുണ്ട്:

> നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളുന്നതു സഹിച്ചാൽ എന്തു യശസ്സുള്ളു? അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിനു പ്രസാദം. അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത് ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു അവൻ പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീക്ഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യഭരമേല്പിക്കയത്രേ ചെയ്തത് (1 പത്രൊസ് 2:20-23).

കഷ്ടത ഒഴിവാക്കിക്കൊണ്ടു യേശുവിന്റെ കാൽച്ചുവടുകൾ പിൻപറ്റുവാൻ ആർക്കും സാധ്യമല്ല. എന്നെ എന്റെ പാപങ്ങളിൽ നിന്നു വീണ്ടെടുക്കുവാൻ ദൈവവും അവന്റെ പുത്രനും കഷ്ടതയേറ്റു. ക്രൂശിന്റെ ലജ്ജമാറ്റി മഹത്വവും വിജയവും കൊടുപ്പാൻ ദൈവത്തിനു കഴിഞ്ഞതുകൊണ്ടു, എന്റെ ദു:ഖവും പ്രതികൂലവും മാറ്റി എനിക്കു വിജയവും, മഹത്വവും കിരീടവും തരുവാൻ അവനു കഴിയും.

**ഉത്തരത്തിന്റെ ഭാഗമായി സ്വർഗ്ഗം**

മനുഷ്യരുടെ കഷ്ടതയെക്കുറിച്ചുള്ള ബന്ധത്തിൽ ഒരു അവസാന വാക്കു കൂടെ പറയണം. ആ വാക്ക് "സ്വർഗ്ഗം" എന്നതാണ്. "നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു" (2 കൊരിന്ത്യർ 4:17). മനുഷ്യരുടെ കഷ്ടതയെക്കുറിച്ചു ഭൂമിക്കു അധികമൊന്നും പറയുവാൻ കഴിയുകയില്ല. ഈ ജീവിതത്തിലെ അദ്ധ്വാനത്തിനും കണ്ണീരിനും അപ്പുറം മറ്റൊരു ജീവിതത്തിൽ നമുക്കു നിർമ്മലമായ സന്തോഷം ലഭിക്കും. അവിടെ നമ്മുടെ കണ്ണിലെ കണ്ണുനീരെല്ലാം തുടച്ചുമാറ്റി നമ്മെ സന്തോഷിപ്പിക്കും.

എനിക്ക് ആ ഭവനം ലഭിക്കേണ്ടതിനു യേശു ക്രൂശിന്റെ ഭാരം ചുമന്നു. നമുക്കു വേണ്ടി നിത്യജീവന്റെ സുവിശേഷം കാത്തു സൂക്ഷിപ്പാൻ അപ്പൊസ്തലന്മാരും രക്തസാക്ഷികളും തടവും ഉപദ്രവവും സഹിച്ചു. ദൈവം നിർമ്മാതാവായ ആ മനോഹര നഗരം ലക്ഷ്യമാക്കി ഞാൻ യാത്ര ചെയ്യുമ്പോൾ, എന്റെ ഭാരം ലഘൂകരിക്കുന്നതു എനിക്കു കാണാം. ഈ ജീവിതത്തിലെ പോരാട്ടങ്ങൾക്കും നിരാശകൾക്കും അപ്പുറം കാണുവാനും "ഏറ്റവും നല്ലതു വരുവാനിരിക്കുന്നേയുള്ളു" എന്നറിയുവാനും കഴിയും.

---

കുറിപ്പ്

[1]മേരി ബേക്കർ എഡ്ഡി (1821-1910) അമേരിക്കയിലെ "മെന്റൽ ഹീലിങ്ങ്" പ്രസ്ഥാനത്തിലെ അംഗമായിരുന്നു, ക്രമേണ ക്രിസ്റ്റ്യൻ സൈന്റിസം തുടങ്ങുകയും, അവൾ തന്റെ ആശയങ്ങൾ ആത്മിയസൗഖ്യം ആയി പ്രസിദ്ധീകരിക്കയും 1908-ൽ *ക്രിസ്റ്റ്യൻ സയൻസ് മോണിറ്റർ* ന്യൂസ് പേപ്പർ തുടങ്ങുകയും ചെയ്തു.

ഈ പാഠം 1958-ലെ, അബിലീൻ ക്രിസ്റ്റ്യൻ കോളേജ് ലെക്ച്ചേഴ്സിന്റെ പുന:പ്രസിദ്ധീകരണമാണ്. അബിലീൻ ക്രിസ്റ്റ്യൻ യൂണിവേഴ്സിറ്റി ലെക്ച്ചർഷിപ്പ് ഡയറക്ടറുടെ അനുവാദത്തോടെയാണ് ഉപയോഗിച്ചിരിക്കുന്നത്.

© 2009 Truth for Today